**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5142** **11-08-2021 - ൽ മറുപടിയ്ക്ക്**

**ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി പിന്നാക്ക മേഖലയിലെ ജനമൈത്രി എക്സൈസ് സ്ക്വാഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത മേഖലയെ ലഹരി മുക്തമാക്കുന്നതിന് ജനമൈത്രി എക്സൈസ് സ്ക്വാഡുകളുടെ പ്രവർത്തനം ഫലപ്രദമാകുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പൊതുജനങ്ങൾ ലഹരിക്ക് അടിമപ്പെടാതിരിക്കാൻ ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നു എന്ന് വിശദമാക്കാമോ; | (സി) | ആദിവാസി ഊരുകളിലെ നിവാസികളെ പ്രത്യേകിച്ച് യുവജനങ്ങളെ ലഹരിയുടെ ഉപയോഗത്തിൽ നിന്നും പിൻതിരിപ്പിക്കുന്നതിന് വേണ്ടിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ മുഖേന നടത്തി വരുന്നു. നിലവിൽ ലഹരിക്ക് അടിമപ്പെട്ടവർക്ക് കൗൺസിലിംഗ് സെന്ററുകളുടെയും ഡീ-അഡിക്ഷൻ സെന്ററുകളുടെയും സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഓരോ ആദിവാസി മേഖലയിലേയും യുവാക്കളുടെ ശ്രദ്ധ വിദ്യാഭ്യാസ കായിക പ്രവർത്തനങ്ങളിൽ കേന്ദ്രീകരിക്കുന്നതിനും പഠനം മുടങ്ങിയവരെ കണ്ടെത്തി അവർക്ക് തുടർ പഠനം നടത്തുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ആദിവാസി ജനവിഭാഗങ്ങൾക്കിടയിൽ സർക്കാരിന്റെ വിവിധ പദ്ധതികൾ ഗുണകരമായി വിനിയോഗിക്കുന്നതിനുള്ള അറിയിപ്പുകൾ യഥാസമയം നൽകി വരുന്നു. ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പ്ലസ് ടു, ഡിഗ്രി പ്രവേശനവുമായി ബന്ധപ്പെട്ട് അലോട്ട്മെന്റ്/ ഓപ്ഷൻ തുടങ്ങിയ സേവനങ്ങളും നൽകുന്നുണ്ട്. |
| (ഡി) | കൂടുതൽ ആദിവാസി പിന്നാക്ക മേഖലകളിൽ പ്രസ്തുത സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം വിപുലീകരിക്കുമോ? | (ഡി) | ഇക്കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ